ഉത്തരം

(എ&ബി) തൃശ്ശൂർ ജില്ലയിൽ ഇതുവരെ സഹായധനം വിതരണം ചെയ്തിട്ടില്ല എന്നറിയുന്നു. ആദ്യഗഡുവായി 3,49,750 രൂപ അനുവദിച്ചിട്ടുണ്ട്. ഇത് താമസിക്കാതെ വിതരണം ചെയ്യുന്നതാണ്.

(സി) ഉണ്ട്.

(ഡി) തൃശ്ശൂർ ജില്ലയിൽ ആകെ 9,74,600 രൂപ നഷ്ടപരിഹാരമായി നൽകേണ്ടതുണ്ട്. 26-3-1999-ലെ 1141/99/ആർ.ഡി. നമ്പർ സർക്കാർ ഉത്തരവുപ്രകാരം ആദ്യഗഡുവായി 3,49, 750 രൂപ മാത്രമാണ് ജില്ലയ്ക്ക് അനുവദിച്ചത്. ബാക്കി തുകകൂടി അനുവദിച്ചശേഷം നഷ്ടപരിഹാരം നൽകാമെന്നുള്ള ഉദ്ദേശത്താലാണ് ആദ്യഗഡു വിതരണം ചെയ്യാൻ വൈകുന്നത്.

(ഇ) മൊബൈൽ മൃഗാശുപത്രികളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് ബന്ധപ്പെട്ട പഞ്ചായത്തുകളുടെയും ക്ഷീരസംഘങ്ങളുടെയും സഹകരണത്തോടെ കുത്തിവയ്പ് പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുകയും ഫലപ്രദമാക്കുകയും ചെയ്തു. കൂടുതൽ പ്രതിരോധ ശേഷിയുള്ള ഓയിൽ അഡ്ജുവെന്റ് വാക്സിനാണ് ഇപ്പോൾ ഉപയോഗിക്കുന്നത്. കന്നുകാലികളുടെ വരത്തുപോക്കും കാലിച്ചന്തകളും കന്നുകാലി പ്രദർശനങ്ങളും നിരോധിച്ചിട്ടുണ്ട്. ബോധവൽക്കരണ പരിപാടികൾ ഊർജ്ജിതപ്പെടുത്തി. കുളമ്പുരോഗത്തിനെതിരെ കുത്തിവയ്പ് നടത്താനുള്ള സിസ്റ്റമാറ്റിക് വാക്സിനേഷൻ പദ്ധതിക്ക് അനുമതി നൽകിയിട്ടുണ്ട്.

(എഫ്) ഓരോ ജില്ലയ്ക്കും പ്രത്യേകം പ്രത്യേകം തുക വകയിരുത്തിയിട്ടില്ല.

ക്ഷീരകർഷകർക്കുള്ള ക്ഷേമപദ്ധതികൾ

131 (133) ശ്രീ. പി. വിശ്വൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ ക്ഷീരകർഷകർക്ക് എന്തെല്ലാം ക്ഷേമ പദ്ധതികളാണ് നിലവിലുള്ളത് ;

(ബി) ഇവർക്ക് സർക്കാർ പുതിയ എന്തെങ്കിലും ക്ഷേമപദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(സി) എങ്കിൽ വിശദമാക്കാമോ ?

ഉത്തരം

(എ) മിൽമയുടെ ആവിർഭാവത്തോടു കൂടി കേരളത്തിലെ ക്ഷീരോൽപാദകർക്ക് അവർ ഉല്പാദിപ്പിക്കുന്ന പാലിന് ഒരു സ്ഥിരമായ വിലയും വിപണിയും കണ്ടെത്തുവാൻ സാധിച്ചിട്ടുണ്ട്. ഇതിനു പുറമേ മേഖലാ യൂണിയനുകളുടെ അംഗസംഘങ്ങളിലെ ഉല്പാദകർക്ക് കന്നുകാലി ഇൻഷ്വറൻസ് പദ്ധതി, കറവ മാടുകൾക്കുള്ള വൈദ്യസഹായം, കാലികളിൽ ഉണ്ടാകുന്ന

LIBRARY ARCHIVES Kerala Legislative Assembly

വന്ധ്യതയ്ക്കുള്ള ചികിൽസാ സൗകര്യങ്ങൾ, സംഘങ്ങൾക്കുള്ള കെട്ടിട നിർമ്മാണ ഗ്രാന്റ്, ഉല്പാദകർക്കുള്ള മെഡിക്കൽ ഇൻഷ്വറൻസ് തുടങ്ങിയവ മേഖലായൂണിയനുകൾ വഴി നടപ്പിലാക്കുന്നുണ്ട്. ക്ഷീരോല്പാദക സംഘങ്ങളിലെ അംഗങ്ങളുമായിട്ടുള്ള ക്ഷീരോല്പാദകർക്ക് മരണാന്തര ക്ഷേമനിധി, കുട്ടികൾക്കുള്ള സ്കോളർഷിപ്പ് തുടങ്ങിയവയും മേഖലായൂണിയനുകൾവഴി ക്ഷീരോൽപാദകർക്ക് നൽകി വരുന്നുണ്ട്.

(ബി&സി) ക്ഷീരോൽപാദകർക്ക് പെൻഷൻ നൽകുന്നതിനെക്കുറിച്ചുള്ള സമഗ്രമായ ഒരു പദ്ധതി നടപ്പിലാക്കുന്നത് സംബന്ധിച്ച പ്രാഥമിക നടപടികൾ കൈക്കൊണ്ടിട്ടുണ്ട്.

രജിസ്റ്റർ ചെയ്തിട്ടുള്ള സംഘങ്ങൾ

132 (134)ശ്രീമതി ആർ. ലതാദേവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട എന്നീ ജില്ലകളിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ക്ഷീരസംഘങ്ങൾ, വ്യവസായസംഘങ്ങൾ, ആപ്കോസ് സംഘങ്ങൾ ഇവയുടെ എണ്ണം ജില്ല തിരിച്ച് വെളിപ്പെടുത്താമോ ;

(ബി) ഇവയിൽ ഏതെല്ലാം സംഘങ്ങളാണ് തിരുവന്തപുരം ക്ഷീരോല്പാദക യൂണിയനിൽ അംഗമായിട്ടുള്ളതെന്നും ഇവയുടെ ആഡിറ്റ് നിലയും വ്യക്തമാക്കാമോ ;

(സി) തിരുവനന്തപുരം മേഖലാ യൂണിയനിൽ അംഗത്വം ലഭിക്കുന്നതിന് ക്ഷീരസംഘങ്ങൾക്ക് ഏർപ്പെടുത്തിയിട്ടുള്ള വ്യവസ്ഥ എന്തെല്ലാമാണ് ;

(ഡി) മേഖലാ യൂണിയന്റെ നിയമനങ്ങളിൽ പ്രാഥമിക ക്ഷീരസംഘം ജീവനക്കാർക്ക് എന്തെല്ലാം പ്രത്യേക പരിഗണനയാണ് നൽകിയിട്ടുള്ളത് ;

(ഇ) മേഖലാ ക്ഷീരോല്പാദക യൂണിയൻ നിയമനങ്ങൾ പി.എസ്.സി.ക്ക് കൈമാറാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(എഫ്) ഇല്ലെങ്കിൽ ഇതിന് എന്തെങ്കിലും തടസ്സം ഉണ്ടോ എന്ന് വെളിപ്പെടുത്താമോ ?

ഉത്തരം

(എ) 31-1-2000 വരെ രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ള സംഘങ്ങളുടെ വിവരങ്ങൾ താഴെ ചേർക്കുന്നു.

ജില്ല	ക്ഷീര സഹകരണ സംഘങ്ങൾ	വ്യവസായ സംഘങ്ങൾ	ആപ്കോസ് സംഘങ്ങൾ
തിരുവനന്തപുരം	353	76	276
കൊല്ലം	311	68	243
ആലപ്പുഴ	238	29	209
പത്തനംതിട്ട	175	24	151

LIBRARY ARCHIVES Kerala Legislative Assembly